പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 73

12/12/2012-ൽ
മറുപടിയ്ക്കു്

**ശബരിമല ലേല നടപടികളിലെ ക്രമക്കേടുകൾ**

ചോദ്യം
ശ്രീ. കെ. സുരേഷ് കുറുപ്പ്
ശ്രീ. രാജു എബ്രഹാം
ശ്രീ. എ. പ്രദീപ് കുമാർ

ഉത്തരം
ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
|---|---|
| എ) ഇത്തവണത്തെ ശബരിമല സീസണുമായി ബന്ധപ്പെട്ട് വിവിധ ലേല നടപടികളിൽ ക്രമക്കേടുകൾ നടന്നതായ ആരോപണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;<br>ബി) ഇതു സംബന്ധിച്ച് ബഹു. ഹൈക്കോടതി നടത്തിയ പരാമർശത്തെ തുടർന്ന് സർക്കാർ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ; | എ) & ബി) ശബരിമലയുമായി ബന്ധപ്പെട്ട് ലേല നടത്തിപ്പിനെപ്പറ്റിയും, ലേലം മൂലം റവന്യൂ നഷ്ടം ഉണ്ടായിട്ടുണ്ടോ, മറ്റു നടപടിക്രമങ്ങളിൽ വീഴ്ചയുണ്ടായിട്ടുണ്ടോ എന്നും ഉചിതമായ ഒരു ഏജൻസി വഴി അന്വേഷണം നടത്തി വിവരം അടിയന്തിരമായി സർക്കാരിനെ അറിയിക്കുവാൻ ദേവസ്വം ബോർഡ് പ്രസിഡൻറിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വരും വർഷങ്ങളിൽ ലേല നടപടികളിൽ ബഹു. ഹൈക്കോടതിയുടെ അനുമതിയോടെ ആവശ്യമായ മാറ്റങ്ങൾ വരുത്തി ലേലം നടത്തണമെന്ന് ബോർഡിന് കത്ത് നൽകിയിട്ടുണ്ട്. |
| സി) പുതിയ ദേവസ്വം ബോർഡ് അധികാരമേറ്റശേഷം നിലവിലുണ്ടായിരുന്ന ദേവസ്വം ചീഫ് കമ്മീഷണർ തന്നെ തുടരണമെന്ന് ഹൈക്കോടതി നിർദ്ദേശിക്കാനിടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) കഴിഞ്ഞ ബോർഡിൻെറ കാലാവധി തീർന്നതിനെ തുടർന്ന് പുതിയ ബോർഡ് വരുന്നതുവരെയോ ശബരിമല-മണ്ഡലം-മകരവിളക്ക് സീസൺ അവസാനിക്കുന്നതുവരെയോ ഇതിൽ ഏതാണ് അവസാനം വരുന്നത് അതുവരെ ശ്രീ. കെ. ജയകുമാറിനെ അദ്ദേഹത്തിൻെറ പരിചയ സമ്പത്ത് കണക്കിലെടുത്ത് ചീഫ് കമ്മീഷണറായി തുടരുവാൻ 12/10/2012 -ൽ കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൽ പ്രതിപാദിക്കുന്നു. അതിൻെറ തുടർച്ച എന്ന നിലയിലാണ് ശ്രീ. കെ. ജയകുമാറിനെ 2012 -ലെ ശബരിമല മണ്ഡലം-മകര വിളക്ക് സീസൺ കഴിയുന്നതുവരെ ചീഫ് കമ്മീഷണറായി നിയമിച്ചിരുന്നത്. 11/11/2012 -ൽ പുതിയ ബോർഡ് നിലവിൽ വന്നതിനെ തുടർന്ന് വിവിധ സർക്കാർ |

വകുപ്പുകളുടെ കോ-ഓർഡിനേഷൻ കാര്യ ക്ഷമമായി നടപ്പിലാക്കുക എന്ന ഉദ്ദേശ ത്തോടെ 14/11/2012 -ൽ ഗവൺമെൻറ് ചീഫ് കോർഡിനേറ്റർ ആയും അദ്ദേഹത്തെ നിയമിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ